കവർസ്റ്റോറി ●
ഡോ. എ.എ ഹലീം

# സകാത്ത്

## ആത്മീയ വളർച്ചക്ക്, സമ്പത്തിന്റെ ശുദ്ധീകരണത്തിന്

**സകാത്തിനെ ലളിതമായി പരിചയപ്പെടുത്തുന്ന ലേഖന പരമ്പര ഈ ലക്കം മുതൽ**

**സമകാലിക ലോകത്ത് ഇസ്‌ലാമിക സമൂഹത്തിന് വിനഷ്ടമായ അന്തസ്സും ആധിപത്യവും വീണ്ടെടുക്കുന്നതിലും സകാത്തിന് മുഖ്യപങ്കാണ് വഹിക്കാനുള്ളത്. അതുകൊണ്ട് സകാത്ത് വ്യവസ്ഥയുടെ സമ്പൂർണമായ പുനഃസ്ഥാപനം കാലത്തിന്റെ ഏറ്റവും വലിയ തേട്ടമാണ്. സമുദായത്തിന്റെ സത്വര ശ്രദ്ധയും പരിഗണനയും അർഹിക്കുന്ന വിഷയങ്ങളിൽ മുഖ്യമാണത്.**

**ഇസ്‌ലാമിക** നാഗരികതയുടെ സുപ്രധാനമായ ഈടുവെപ്പുകളിലൊന്നാണ് സമ്പദ്‌വ്യവസ്ഥ. മാനവസമൂഹം ദർശിച്ച സംസ്കാരങ്ങളുടെ വർണരാജിയിൽ ഇസ്‌ലാമിന് മികവ് പുലർത്താനും നേതൃത്വ നൈരന്തര്യം നിലനിർത്താനും സഹായകമായ ഘടകമാണത്. താത്ത്വികവും പ്രായോഗികവുമായ തലങ്ങളിൽ പ്രസ്തുത സമ്പദ്ഘടനയുടെ നെടുംതൂണായി വർത്തിച്ചത് സകാത്ത് വ്യവസ്ഥയായിരുന്നു.

മുസ്‌ലിം സമൂഹത്തിലെ പൂർവസൂരികളായ പണ്ഡിതന്മാരും കർമശാസ്ത്രജ്ഞരും സകാത്തെന്ന നിർബന്ധ ബാധ്യതയുടെ പ്രാധാന്യം തിരിച്ചറിഞ്ഞവരും വേണ്ടവിധം മനസ്സിലാക്കിയവരുമായിരുന്നു. തദടിസ്ഥാനത്തിലാണ് വിലപ്പെട്ട രചനകളിലൂടെയും കാലാനുസൃതമായ നിലപാടുകളിലൂടെയും അവർ സകാത്തിന്റെ ധനപരവും പ്രബോധനപരവും സാമൂഹികവുമായ പ്രസക്തിയെ അടയാളപ്പെടുത്താൻ യത്നിച്ചത്. സുപ്രധാനമായ ആരാധനാ കർമമാണെന്നതോടൊപ്പം ദാരിദ്ര്യ നിർമാർജനത്തിലും സാമൂഹിക പുനർനിർമാണപ്രക്രിയയിലും സകാത്ത് വ്യവസ്ഥക്ക് വഹിക്കാൻ കഴിയുന്ന പങ്ക് അവർ സ്പഷ്ടമായി വരച്ചുകാട്ടി.

സമകാലിക ലോകത്ത് ഇസ്‌ലാമിക സമൂഹത്തിന് വിനഷ്ടമായ അന്തസ്സും ആധിപത്യവും വീണ്ടെടുക്കുന്നതിലും സകാത്തിന് തന്നെയാണ് മുഖ്യപങ്ക് വഹിക്കാനുള്ളത്. അതുകൊണ്ട് സകാത്ത് വ്യവസ്ഥയുടെ സമ്പൂർണമായ പുനഃസ്ഥാപനം കാലത്തിന്റെ ഏറ്റവും വലിയ തേട്ടമാണ്. സമുദായത്തിന്റെ സത്വര ശ്രദ്ധയും പരിഗണനയും അർഹിക്കുന്ന വിഷയങ്ങളിൽ മുഖ്യമാണത്.

മനുഷ്യ സമൂഹത്തിന്റെ നിലനിൽപിന് ആധാരമായി സ്രഷ്ടാവ് കനിഞ്ഞരുളിയ വിഭവങ്ങൾ മുമ്പെങ്ങുമില്ലാത്തവിധം സമ്പന്നരിൽമാത്രം കേന്ദ്രീകരിക്കപ്പെടുകയും, ലോകം അതിന്റെ കെടുതികൾ പട്ടിണിയുടെയും ഭക്ഷ്യദൗർലഭ്യത്തിന്റെയും ദാരിദ്ര്യത്തിന്റെയും രൂപത്തിൽ അനുഭവിച്ചുകൊണ്ടിരിക്കുകയും ചെയ്യുന്ന സാഹചര്യത്തിൽ സകാത്തിന്റെ സാധ്യതകൾ വർധിക്കുകയാണ്. ആയതിനാൽ സകാത്ത് എന്ന നിർബന്ധ ബാധ്യതയുടെ വിധികളും വ്യവസ്ഥകളും കാലാനുസൃതമായി അവതരിപ്പിക്കുന്നതിലും മാറുന്ന ലോകത്തിന്റെ ആവശ്യങ്ങളെ അവയുമായി സംയോജിപ്പിക്കുന്നതിലും പണ്ഡിതന്മാരും ഗവേഷകരും സാമ്പത്തിക വിദഗ്ധരും തങ്ങളുടേതായ പങ്ക് നിർവഹിച്ചേ മതിയാവൂ.

നമസ്കാരത്തോടൊപ്പമാണ് അല്ലാഹു ഖുർആനിൽ മിക്കയിടങ്ങളിലും സകാത്ത് പരാമർശിച്ചിട്ടുള്ളത് എന്നതിൽ നിന്നുതന്നെ ദീനിൽ ഈ ബാധ്യതയുടെ പ്രാധാന്യം വ്യക്തമാണ്. ഒരു മുസ്‌ലിമിന് ശരീരം കൊണ്ട് നിർവഹിക്കാൻ കഴിയുന്ന ഏറ്റവും ശ്രേഷ്ഠമായ കർമമത്രെ നമസ്കാരം. ശരീരം കഴിഞ്ഞാൽ പിന്നെ മനുഷ്യനു നൽകപ്പെട്ട അനുഗ്രഹങ്ങളിൽ മുഖ്യമാണ് സമ്പത്ത്. സാമ്പത്തിക രംഗത്ത് നീതിയും സമത്വവും കൈവരിക്കാൻ പര്യാപ്തമായ നിർദ്ദേശങ്ങളാണ് ഇസ്‌ലാം നൽകുന്നത്. ഇസ്‌ലാമിക ശരീഅത്തിൽ സകാത്തിന്റെ സ്ഥാനവും വിധികളും വ്യവസ്ഥകളും ലളിതമായി അവതരിപ്പിക്കാനാണ് ഈ ലേഖനത്തിൽ ശ്രമിക്കുന്നത്. തങ്ങളുടെ സമ്പത്തിൽനിന്ന് ദൈവനിർദേശിതമായ വിഹിതം യഥാവിധി കൊടുത്തുവീട്ടാൻ ആഗ്രഹിക്കുന്ന ഏവർക്കും പ്രയോജനപ്പെടുന്ന വിവരങ്ങൾ ഇതിൽ സംക്ഷിപ്തമായി ഉൾക്കൊള്ളിച്ചിരിക്കുന്നു.

## സകാത്തിന്റെ നിർവചനം

അറബി ഭാഷയിൽ സകാത്തിന് വളർച്ച, വർധനവ്, ശുദ്ധി, അനുഗ്രഹം എന്നെല്ലാമാണർഥം. "അല്ലാഹുവിന്റെ അനുഗ്രഹത്താൽ സമ്പത്തിന് ലഭ്യമാകുന്ന വളർച്ചയാണ് സകാത്തിന്റെ അടിസ്ഥാനം" (ഇമാം റാഗിബ് - *അൽമുഫ്റദാതു ഫീ ഗരീബിൽ ഖുർആൻ* പേജ് 213, *അൽ മുഅ്ജമുൽ വസീത്* പേജ് 398). "സകാത്തിന്റെ മൂലം ശുദ്ധി, വളർച്ച, അനുഗ്രഹം, പ്രശംസ എന്നെല്ലാമാണ്. അങ്ങനെ വരുമ്പോൾ സകാത്ത് സമ്പത്തിന്റെ ശുദ്ധീകരണവും ഫിത്ർ സകാത്ത് ശരീരത്തിനുള്ള ശുദ്ധീകരണവുമാണ്" (ഇബ്നുൽ അഥീർ - *അന്നിഹായതു ഫീ ഗരീബിൽ ഹദീസ്* 2/308). ധനികൻ തന്റെ സമ്പത്തിൽനിന്ന് നൽകുന്ന വിഹിതത്തിന് സകാത്തെന്ന് പറയാൻ കാരണം, അതവന്റെ സമ്പത്തിൽ ദൈവാനുഗ്രഹത്താൽ വർധനവുണ്ടാക്കുന്നതിനാലും ആപത്തുകളിൽനിന്നവനെ കാത്തുരക്ഷിക്കുന്നതിനാലുമാണ്. അതാണ് 'അവരുടെ ധനത്തിൽനിന്ന് അവരെ ശുദ്ധീകരിക്കുകയും സംസ്കരിക്കുകയും ചെയ്യുന്ന സ്വദഖ(ദാനം) താങ്കൾ സ്വീകരിച്ചുകൊള്ളുക'(*അത്തൗബ* 103) എന്ന ദൈവിക വചനത്തിന്റെ പൊരുൾ.

സകാത്തിനെ സംബന്ധിച്ച ഉപരിസൂചിത അർഥങ്ങളെല്ലാം ശരിതന്നെയാണ്. സകാത്ത് നൽകുന്നവനെയും വാങ്ങുന്നവനെയും ഒരുപോലെ അത് സംസ്കരിക്കുകയും വളർത്തുകയും ചെയ്യുന്നു. ഏതു ധനത്തിൽനിന്നാണോ അത് നൽകുന്നത് അതിനും വർധനവുണ്ടാകുന്നു; പ്രത്യക്ഷത്തിൽ ദാതാവിന്റെ ധനത്തിൽ കുറവ് വരുന്നതായി തോന്നുമെങ്കിലും. പലിശ വാങ്ങുന്നവൻ തന്റെ സമ്പത്തിനെ വളർത്തുകയല്ല, ശൂന്യമാക്കുകയാണ് ചെയ്യുന്നത് എന്ന അല്ലാഹുവിന്റെ പരാമർശം ഓർക്കുക. "അല്ലാഹു പലിശയെ ഫലശൂന്യമാക്കുകയും ദാനങ്ങളെ വളർത്തുകയും ചെയ്യുന്നു" (*അൽബഖറ* 276).

"ഒരു പ്രത്യേക ധനത്തിൽനിന്ന് ഒരു നിർണിത വിഭാഗത്തിന് നിശ്ചിത സമയത്ത് നിർബന്ധമായും നൽകേണ്ട വിഹിതം" ഇതാണ് സകാത്തിന്റെ സാങ്കേതിക നിർവചനം (*അൽ വാദിഹു ഫീ ഫിഖ്ഹിൽ ഇമാം അഹ്മദ്* പേജ് 156). ഇതുപ്രകാരം നിർബന്ധമായും നൽകേണ്ട വിഹിതം എത്രയൊക്കെയാണെന്ന് കർമശാസ്ത്രഗ്രന്ഥങ്ങളിൽ വിവരിച്ചിട്ടുണ്ട്. പ്രത്യേക ധനമെന്നതുകൊണ്ടുദ്ദേശിക്കുന്നത് കാലികൾ, ഭൂമിയിലെ ഉൽപന്നങ്ങൾ, ധാന്യവിളകൾ, ഫലവർഗങ്ങൾ, കച്ചവടച്ചരക്കുകൾ, സ്വർണം, വെള്ളി തുടങ്ങിയവയാണ്. നിർണിത വിഭാഗം എന്ന് പറഞ്ഞത് സകാത്തിന്റെ അവകാശികളായി അല്ലാഹു നിശ്ചയിച്ച എട്ടുവിഭാഗത്തെക്കുറിച്ചാണ്.

"ദരിദ്രർ, സാധുക്കൾ, സകാത്ത് പ്രവർത്തകന്മാർ, ഹൃദയം ഇണക്കപ്പെടേണ്ടവർ, അടിമത്ത മോചനം, കടബാധിതർ, ദൈവമാർഗം, വഴിയാത്രക്കാർ ഇത് അല്ലാഹുവിന്റെ നിർണയമത്രെ. അഭിജ്ഞനും യുക്തിമാനുമാകുന്നു അല്ലാഹു" (*അത്തൗബ* 60).

നിശ്ചിത സമയത്ത് എന്നതുകൊണ്ടുദ്ദേശ്യം കാലിസമ്പത്ത്, കച്ചവടച്ചരക്കുകൾ, പണം എന്നിവയിൽ വർഷം പൂർത്തിയായാലേ അത് നിർബന്ധമാവൂ എന്നാണ്. ധാന്യങ്ങളുടെ കാര്യത്തിൽ മൂപ്പെത്തുക എന്നതാണ് നിശ്ചിത സമയം. സകാത്ത് ബാധകമായ ഫലവർഗങ്ങളെ സംബന്ധിച്ചേടത്തോളം വിളവെടുപ്പിന്റെ ഘട്ടത്തിലാണത് നൽകേണ്ടത്.

സമ്പത്തിന്റെ വളർച്ചയെയും ശുദ്ധീകരണത്തെയും സൂചിപ്പിക്കുന്ന പദമാണ് സകാത്ത്. സകാത്ത് ബാധകമാകാനുള്ള ഉപാധികൾ പൂർത്തിയായ ഓരോ മുസ്‌ലിമിന്റെയും ബാധ്യതയാണത്. മുസ്‌ലിം സമൂഹത്തിന്റെ ഏകകണ്ഠമായ അഭിപ്രായ പ്രകാരം ഇസ്‌ലാമിന്റെ പഞ്ചസ്തംഭങ്ങളിലൊന്നാണ് സകാത്ത്. റസൂൽ പറഞ്ഞു: "ഇസ്‌ലാം അഞ്ചുകാര്യങ്ങളിലാണ് സ്ഥാപിതമായിട്ടുള്ളത്. അല്ലാഹുവല്ലാതെ ഒരു ഇലാഹില്ലെന്നും മുഹമ്മദ് നബി അല്ലാഹുവിന്റെ ദൂതനാണെന്നുമുള്ള സത്യസാക്ഷ്യം, നമസ്കാരം നിലനിർത്തൽ, സകാത്ത് നൽകൽ, ഹജ്ജ് നിർവഹിക്കൽ, റമദാനിലെ നോമ്പ്" (ബുഖാരി, മുസ്‌ലിം).

ഏത് വർഷമാണ് സകാത്ത് നിർബന്ധമായത് എന്നതിനെ സംബന്ധിച്ച് വ്യത്യസ്ത അഭിപ്രായങ്ങളുണ്ട്. ഹിജ്റയുടെ രണ്ടാം വർഷം, റമദാൻ വ്രതം നിർബന്ധമാകുന്നതിന് മുമ്പാണ് സകാത്ത് നിയമമായതെന്നാണ് ഭൂരിപക്ഷാഭിപ്രായം. അല്ലാഹു പറഞ്ഞു:

"നമസ്കാരം നിലനിർത്തുക, സകാത്ത് കൊടുക്കുക, അല്ലാഹുവിന് വിശിഷ്ടമായ കടം നൽകികൊണ്ടിരിക്കുക" (*അൽമുസമ്മിൽ* 20).

"അവരുടെ ധനത്തിൽനിന്ന് അവരെ ശുദ്ധീകരിക്കുകയും സംസ്കരിക്കുകയും ചെയ്യുന്ന സ്വദഖ(ദാനം) താങ്കൾ സ്വീകരിച്ചുകൊള്ളുക" (*അത്തൗബ* 103).

"സത്യവിശ്വാസികളേ, നിങ്ങൾ സമ്പാദിച്ചതിൽനിന്നും ഭൂമിയിൽനിന്ന് നാം നിങ്ങൾക്ക് ഉൽപാദിപ്പിച്ച് തന്നതിൽനിന്നും നല്ലതിനെ ദൈവമാർഗത്തിൽ ചെലവഴിക്കുവിൻ" (*അൽബഖറ* 267).

## സകാത്തിന്റെ യുക്തി

സമ്പത്തിനെയും സമ്പന്നനെയും ശുദ്ധീകരിക്കാനാണ് സകാത്ത് നിശ്ചയിച്ചിട്ടുള്ളത്. ഈ ഇബാദത്ത് യഥാവിധി നിർവഹിക്കുന്ന ധനികനെ, അവനെ ബാധിക്കാനിടയുള്ള ആപത്തുകളിൽനിന്ന് അല്ലാഹു കാത്ത് രക്ഷിക്കും. സമ്പത്ത് ഒരു പരീക്ഷണ വസ്തുവാണ്. സകാത്തുദായകൻ സമ്പത്തു മുഖേനയുണ്ടാകാവുന്ന കെടുതികളിൽനിന്ന് സുരക്ഷിതനായിരിക്കും. ഇക്കാര്യത്തിൽ ഭദ്രമായ കോട്ടയുടെയും ശക്തരായ കാവൽക്കാരുടെയും സംരക്ഷണമാണ് അവന് ലഭിക്കുക. അല്ലാഹു നൽകിയ അനുഗ്രഹങ്ങളിൽനിന്ന് ദരിദ്ര ജനവിഭാഗത്തിന്റെ വിഹിതം കൃത്യമായി കൊടുത്തുകൊണ്ടിരിക്കുന്ന കാലത്തോളം, സമ്പന്നന്റെ ധനത്തിൽ വർധനവും ദൈവാനുഗ്രഹവും വർഷിച്ചുകൊണ്ടേയിരിക്കും. സമ്പത്തിന് സുരക്ഷിതത്വവും ഭദ്രതയും കൈവരും.

സകാത്തിന്റെ യുക്തിയിലേക്ക് വെളിച്ചംവീശുന്ന ഖുർആനിലും ഹദീസിലും വിവരിക്കപ്പെട്ട ഏതാനും കാര്യങ്ങളാണ് ചുവടെ:

1. സമ്പത്തിനോടുള്ള ആർത്തി, ദുരാഗ്രഹം, പിശുക്ക്, ലുബ്ധ്, സമ്പത്തിലുള്ള അതിരുകവിച്ചിൽ തുടങ്ങിയ ദുർഗുണങ്ങളിൽനിന്ന് മനുഷ്യമനസ്സിനെ ശുദ്ധീകരിക്കുക. അല്ലാഹു പറഞ്ഞു: "ഒരിക്കലുമല്ല, തീർച്ചയായും മനുഷ്യൻ ധിക്കാരം പ്രവർത്തിക്കുന്നു. അവൻ തന്നെ സ്വയം പര്യാപ്തനായി കാണുകയാൽ" (*അൽ അലഖ്* 6, 7).

സാമ്പത്തിക ബാധ്യതകളിൽ വൻവീഴ്ച വരുത്തുകയും ധനകാര്യങ്ങളിൽ അതിരുകവിയുകയും ചെയ്ത് നരകവാസികളായിത്തീർന്നവരുടെ സ്ഥിതി അല്ലാഹു വിവരിക്കുന്നു: "എന്റെ സമ്പത്ത് ഇന്ന് എനിക്കൊരു പ്രയോജനവും ചെയ്തില്ല. എന്റെ അധികാരങ്ങളൊക്കെയും തീർന്നുപോയി. (അപ്പോൾ കൽപനയുണ്ടാകും) പിടിക്കിൻ അവനെ! അവന്റെ കഴുത്തിൽ ചങ്ങലയിടുവിൻ, എന്നിട്ട് നരകത്തിലേക്കെറിയുവിൻ. അനന്തരം അവനെ എഴുപതു മുഴം നീളമുള്ള ചങ്ങലയിൽ ബന്ധിക്കുവിൻ. അവൻ മഹോന്നതനായ അല്ലാഹുവിൽ വിശ്വസിച്ചിരുന്നില്ല. അഗതികൾക്ക് അന്നം നൽകാൻ പ്രേരിപ്പിച്ചിരുന്നുമില്ല. അതിനാൽ ഇന്നിവിടെ

അവനോട് അനുതാപമുള്ള ഒരു മിത്രവുമില്ല. വ്രണങ്ങളുടെ ദുഷ്ടുകളല്ലാതെ അവന് ഒരാഹാരവും ഇല്ല. പാപികൾ മാത്രമേ അത് ഭുജിക്കുകയുള്ളൂ" (*അൽഹാഖ* 28-37).

2. അശരണരും ആലംബഹീനരും ജീവിതാവശ്യങ്ങൾ തടയപ്പെട്ടവരുമായവരോടുള്ള സഹാനുഭൂതി, അവരുടെ ആവശ്യങ്ങൾ നിർവഹിച്ചുകൊടുക്കൽ.

നബി(സ) പറഞ്ഞു: "പരസ്പരമുള്ള സ്നേഹത്തിലും കാരുണ്യത്തിലും സത്യവിശ്വാസികൾ ഒരൊറ്റ ശരീരം പോലെയാകുന്നു. അതിലേതെങ്കിലും ഒരവയവത്തിന് രോഗം ബാധിച്ചാൽ ഉറക്കമൊഴിച്ചും, പനിബാധിച്ചും മറ്റുള്ളവ അതിനോട് അനുഭാവം പ്രകടിപ്പിക്കുന്നതാണ്" (മുസ്‌ലിം).

അല്ലാഹു പറഞ്ഞു: "അവരുടെ ധനത്തിൽ ചോദിച്ചു വരുന്നവർക്കും തടയപ്പെട്ടവർക്കും നിർണിതമായ വിഹിതമുണ്ട്" (*അൽ മആരിജ്* 24, 25).

3. മുസ്‌ലിംകളുടെ പൊതു താൽപര്യം സംരക്ഷിക്കുക. സമുദായത്തിന്റെ ജീവിതവും സൗഭാഗ്യവും അതിനെ ആശ്രയിച്ചാണ് നിലകൊള്ളുന്നത്. ഇസ്‌ലാമിക പ്രബോധനം, ജനമനസ്സുകളിൽ ദീനീ സ്വാധീനം ഉറപ്പിക്കൽ, അവശ ജനവിഭാഗങ്ങളുടെ ക്ഷേമവും പരിരക്ഷയും, അവരുടെ ഭൗതികാവശ്യങ്ങളുടെ പൂർത്തീകരണം എന്നിവ അവയിൽ ഏറ്റവും പ്രധാനമത്രെ. അല്ലാഹു പറഞ്ഞു: "പക്ഷേ, മനുഷ്യന്റെ അവസ്ഥയെന്തെന്നാൽ, അവന്റെ നാഥൻ അവനെ പരീക്ഷിക്കുകയും അങ്ങനെ ആദരിക്കുകയും അനുഗ്രഹിക്കുകയും ചെയ്താൽ അവൻ പറയും: 'എന്റെ നാഥൻ എന്നെ പ്രതാപിയാക്കിയിരിക്കുന്നു.' എന്നാൽ അവനെ പരീക്ഷിക്കുകയും അങ്ങനെ അവന്റെ വിഭവം ചുരുക്കുകയും ചെയ്താൽ അവൻ പറയും, 'എന്റെ നാഥൻ എന്നെ നിന്ദിച്ചുകളഞ്ഞു.' ഒരിക്കലുമില്ല; പ്രത്യുത നിങ്ങൾ അനാഥരോട് ആദരവോടെ പെരുമാറുന്നില്ല. അഗതിക്ക് അന്നം കൊടുക്കാൻ പരസ്പരം പ്രേരിപ്പിക്കുന്നുമില്ല. പൈതൃക സ്വത്തൊക്കെയും കൂട്ടിവെച്ച് ഭുജിക്കുന്നു. വഷളാംവണ്ണം ധനപ്രേമത്തിലകപ്പെട്ടുപോകുന്നു"(*അൽ ഫജ്ർ* 15-20).

4. സമ്പത്ത് ഒരു ന്യൂനപക്ഷത്തിന്റെ കൈകളിൽ കേന്ദ്രീകരിക്കപ്പെടുന്നതുമൂലം ഉണ്ടാകുന്ന കെടുതികൾക്ക് തടയിടുക. ഭൂമുഖത്ത് മുഴുവൻ മനുഷ്യർക്കുമായാണ് അല്ലാഹു വിഭവങ്ങൾ ഒരുക്കിയിട്ടുള്ളത്. അതൊരു വിഭാഗത്തിന്റെ

**മനുഷ്യ സമൂഹത്തിന്റെ നിലനിൽപിന് ആധാരമായി സ്രഷ്ടാവ് കനിഞ്ഞരുളിയ വിഭവങ്ങൾ മുമ്പെങ്ങുമില്ലാത്തവിധം സമ്പന്നരിൽമാത്രം കേന്ദ്രീകരിക്കപ്പെടുകയും, ലോകം അതിന്റെ കെടുതികൾ പട്ടിണിയുടെയും ഭക്ഷ്യദൗർലഭ്യത്തിന്റെയും ദാരിദ്ര്യത്തിന്റെയും രൂപത്തിൽ അനുഭവിച്ചുകൊണ്ടിരിക്കുകയും ചെയ്യുന്ന സാഹചര്യത്തിൽ സകാത്തിന്റെ സാധ്യതകൾ വർധിക്കുകയാണ്. ആയതിനാൽ സകാത്ത് എന്ന നിർബന്ധ ബാധ്യതയുടെ വിധികളും വ്യവസ്ഥകളും കാലാനുസൃതമായി അവതരിപ്പിക്കുന്നതിലും മാറുന്ന ലോകത്തിന്റെ ആവശ്യങ്ങളെ അവയുമായി സംയോജിപ്പിക്കുന്നതിലും പണ്ഡിതന്മാരും ഗവേഷകരും സാമ്പത്തിക വിദഗ്ധരും തങ്ങളുടേതായ പങ്ക് നിർവഹിച്ചേ മതിയാവൂ.**

കൈയിൽ മാത്രമായി പരിമിതപ്പെട്ടുകൂടാ. ദരിദ്രർ തങ്ങളുടെ നിലനിൽപിനായ് ക്ലേശിക്കേണ്ടിവരുന്നത് ഗുരുതരമായ പ്രത്യാഘാതങ്ങൾ ഉണ്ടാക്കും. ലോകത്തിന്റെ പല ഭാഗങ്ങളിൽനിന്നും അത്തരം ദുരന്തവാർത്തകൾ കേൾക്കുന്നത് പതിവായിരിക്കുന്നു. പാവപ്പെട്ടവന്റെ ആവശ്യങ്ങൾ മാന്യമായ നിലയിൽ പൂർത്തീകരിക്കപ്പെടണമെന്നാണ് ഇസ്‌ലാം താൽപര്യപ്പെടുന്നത്.

യാതൊരു നിയന്ത്രണവുമില്ലാതെ ചിലർ യഥേഷ്ടം ധനം കുന്നുകൂട്ടുകയും, സമ്പന്നന്റെ ധനത്തിൽ ദരിദ്രന് യാതൊരു വിഹിതവും ഇല്ലാതിരിക്കുകയും ചെയ്യുന്നത് സമൂഹത്തിൽ കടുത്ത അസമത്വവും വിവേചനവും സൃഷ്ടിക്കും. അത്തരമൊരവസ്ഥയിൽ സമ്പന്നരും ദിദ്രരുമായി സമൂഹം നെടുകെ പിളരും. അവർ തമ്മിൽ കടുത്ത വിദ്വേഷവും പകയുമായിരിക്കും. പട്ടിണികൊണ്ട് പൊറുതിമുട്ടുന്ന ജനം തെരുവുകളിലിറങ്ങി കൊള്ളയും കൊള്ളിവെപ്പും നടത്തുന്നത് നാം കാണുന്നു. ദൈവിക നിർദേശങ്ങൾക്ക് ഒരു വിലയും കൽപിക്കാത്ത സമൂഹങ്ങളിൽ ഇത്തരത്തിലുള്ള നശീകരണ പ്രവർത്തനങ്ങളും അരാജകത്വവും രക്തം ചിന്തലും സർവത്ര പ്രകടമാണ്.

ഇവിടെയാണ് സകാത്ത് വ്യവസ്ഥയുടെ പ്രസക്തി. സമൂഹത്തിന് ശാന്തിയും നിർഭയത്വവും പകരുന്ന സുരക്ഷിത കവചത്തിന്റെ ധർമമാണ് സകാത്ത് നിർവഹിക്കുന്നത്. ഇത്തരമൊരു ബാധ്യത നിശ്ചയിക്കുകവഴി സർവ ശക്തനായ നാഥൻ സമൂഹത്തിന്റെ സാമ്പത്തികമായ സന്തുലിതത്വം ഉറപ്പുവരുത്തുകയാണ്.

## സകാത്ത് നൽകാതിരുന്നാൽ

ഇസ്‌ലാമിന്റെ മൗലിക ശാസനകളിലൊന്നായ സകാത്ത് നിർബന്ധമല്ലെന്ന് വാദിച്ചുകൊണ്ട് ഒരാൾ അത് നൽകാതിരുന്നാൽ ദീനിന്റെ പരിധിയിൽനിന്ന് അവൻ പുറത്ത് പോകുന്നതാണ്. ഇനി സകാത്ത് നിർബന്ധമാണെന്ന് വിശ്വാസമുള്ളതോടൊപ്പം പിശുക്ക് കാരണമായോ മറ്റോ ഒരാൾ അത് കൊടുക്കാതിരിക്കുന്ന പക്ഷം ഇസ്‌ലാമിക വൃത്തത്തിൽനിന്ന് പുറത്ത് പോവില്ലെങ്കിലും പാപിയായിത്തീരുന്നതാണ്. അവരിൽനിന്ന് ബലം പ്രയോഗിച്ച് സകാത്ത് പിരിച്ചെടുക്കേണ്ടതും അനുയോജ്യമായ ശിക്ഷ നൽകേണ്ടതും ഇസ്‌ലാമിക ഭരണകർത്താവിന്റെ ചുമതലയാണ്. ഒരുവിഭാഗം സകാത്ത് നൽകാൻ വിസമ്മതിക്കുന്നതോടൊപ്പം അവർക്ക് ശക്തിയും പ്രാബല്യവുമുണ്ടെങ്കിൽ സകാത്ത് നൽകുന്നതുവരെ അവരോട് യുദ്ധം ചെയ്യേണ്ടതാണ്. അല്ലാഹു പറഞ്ഞു: "എന്നാൽ ഈ ജനം പശ്ചാത്തപിക്കുകയും മുറപ്രകാരം നമസ്കാരം അനുഷ്ഠിക്കുകയും സകാത്ത് നൽകുകയും ചെയ്യുകയാണെങ്കിൽ, അവർ നിങ്ങളുടെ ദീനീ സഹോദരങ്ങളാകുന്നു" (*അത്തൗബ* 11). നബി(സ) പറഞ്ഞതായി ഇബ്നു ഉമർ(റ) നിവേദനം ചെയ്യുന്നു: "അല്ലാഹുവല്ലാതെ ഇലാഹില്ലെന്നും മുഹമ്മദ് അല്ലാഹുവിന്റെ റസൂലാണെന്നും ജനങ്ങൾ സാക്ഷ്യം വഹിക്കുകയും നമസ്കാരം നിലനിർത്തുകയും സകാത്ത് നൽകുകയും ചെയ്യുന്നതു വരേക്കും അവരോട് യുദ്ധം ചെയ്യാൻ ഞാൻ ആജ്ഞാപിക്കപ്പെട്ടിരിക്കുന്നു. മേൽ പറഞ്ഞ കാര്യങ്ങൾ അവർ പ്രവർത്തിച്ചാൽ തങ്ങളുടെ രക്തവും(ജീവനും) ധനവും അവർ എന്നിൽ നിന്ന് സുരക്ഷിതമാക്കി. പിന്നെ വല്ലതുമുണ്ടെങ്കിൽ അത് ഇസ്‌ലാമികമായ കടമകളെ ചൊല്ലി മാത്രമായിരിക്കും. അവരെ വിചാരണ ചെയ്യേണ്ടത് അല്ലാഹുവത്രെ" (ബുഖാരി, മുസ്‌ലിം). സകാത്ത് നിഷേധികളോട് യുദ്ധം ചെയ്യാൻ ഒരുങ്ങിയ അബൂബക്കർ(റ) പറഞ്ഞു: "അല്ലാഹുവാണ, റസൂൽ(സ) തിരുമേനിക്ക് അവർ(സകാത്തായി) നൽകിയിരുന്ന ഒരൊട്ടകക്കയറാണെങ്കിൽ പോലും എനിക്ക് നൽകാതിരിക്കുന്ന പക്ഷം അതിന്റെ പേരിൽ

ഞാൻ അവരോട് യുദ്ധം ചെയ്യും" (ബുഖാരി). സ്വഹാബികൾ മുഴുവൻ അബൂബക്കറിന്റെ അഭിപ്രായത്തോട് യോജിക്കുകയാണുണ്ടായത്.

റസൂൽ(സ) പറഞ്ഞതായി ഇബ്നു ഉമർ(റ) നിവേദനം ചെയ്യുന്നു: "ഹേ മുഹാജിറുകളേ, അഞ്ചു കാര്യങ്ങളിൽ അല്ലാഹു നിങ്ങളെ പരീക്ഷിക്കും. അവ നിങ്ങൾക്ക് വന്നു ചേർന്നിട്ടില്ല. നിങ്ങളതിൽ പെടാതിരിക്കാൻ അല്ലാഹുവോട് ഞാൻ അഭയം തേടുന്നു. ഒരുസമൂഹത്തിൽ വ്യഭിചാരം കാണപ്പെടുകയും അവരത് പരസ്യമാക്കി തുടങ്ങുകയും ചെയ്താൽ, തങ്ങളുടെ പൂർവികർക്കില്ലാതിരുന്ന വ്യാധികൾ അവരിൽ വ്യാപിക്കാതിരിക്കില്ല. ഒരു സമുദായം അളവ് തൂക്കങ്ങളിൽ കൃത്രിമം കാണിക്കുകയാണെങ്കിൽ ക്ഷാമം, അധികച്ചെലവ്, അധികാരം വാഴുന്നവരുടെ മർദനം എന്നിവ മുഖേന അവർ ശിക്ഷിക്കപ്പെടാതിരിക്കില്ല. ഒരു ജനത തങ്ങളുടെ സമ്പത്തിന്റെ സകാത്ത് നൽകാതിരുന്നാൽ അവർക്ക് മഴ തടയപ്പെടാതിരിക്കുകയില്ല. നാൽകാലികൾ ഇല്ലെങ്കിൽ അവർക്ക് മഴ ലഭിക്കുക തന്നെയില്ല. ഒരു ജനത അല്ലാഹുവിന്റെയും റസൂലിന്റെയും ഉടമ്പടി ലംഘിച്ചാൽ അവരുടെ മേൽ തങ്ങളിൽ പെടാത്ത ഒരു ശത്രുവിന് അധികാരം നൽകുകയും അവരുടെ കൈവശമുള്ളതിൽ ഒരു ഭാഗം ആ ശത്രു പിടിച്ചടക്കുകയും ചെയ്യുന്നതാണ്. ഒരു ജനതയുടെ നേതാക്കൾ അല്ലാഹുവിന്റെ ശാസനകളനുസരിച്ച് വിധി കൽപിക്കാതിരുന്നാൽ അവർക്കിടയിൽ വഴക്കും അന്തഃഛിദ്രതയും ഉണ്ടാവാതിരിക്കുകയില്ല" (ഇബ്നുമാജ, ബസ്സാർ, ബൈഹഖി).

## നിർബന്ധമാകുന്നത് എപ്പോൾ

സകാത്ത് ബാധകമായ ധനത്തിൽ പൂർണമായ ഉടമസ്ഥാവകാശം ഉള്ളവനും സ്വതന്ത്രനുമായ ഓരോ മുസ്‌ലിമും വർഷം തികയുന്നതോടെ സകാത്ത് നൽകാൻ ബാധ്യസ്ഥനാണ്. സകാത്ത് നിർബന്ധമാകുന്നതിന്റെ ഉപാധികൾ ഇവയാണ്:

1. ഇസ്‌ലാം: ഇസ്‌ലാം സ്വീകരിക്കാത്ത ഒരാൾ സകാത്ത് കൊടുക്കേണ്ടതില്ല. അപ്രകാരം തന്നെയാണ് മതപരിത്യാഗിയും. ആദർശ വ്യതിയാനം മൗലികവിഷയമായതിനാൽ, മുസ്‌ലിമിന് ബാധകമാകുന്ന സകാത്ത് പോലുള്ള വിധിവിലക്കുകളിൽ നിന്നയാൾ മുക്തനാകുന്നു.

2. നിശ്ചിത അളവ്(നിസ്വാബ്) തികയുക: സകാത്ത് ബാധകമാകുന്ന വിവിധതരം സമ്പത്തുകൾക്ക് വ്യത്യസ്ത തോതിലാണ് നിസ്വാബ് നിശ്ചയിക്കപ്പെട്ടിട്ടുള്ളത്. സ്വർണം, വെള്ളി, കച്ചവടച്ചരക്കുകൾ എന്നിവയുടെ മൂല്യം പരിഗണിക്കുമ്പോൾ നിസ്വാബ് പൂർണാർഥത്തിൽ നേരിയ കുറവുണ്ടായാലും (ഒന്നോ, രണ്ടോ ധാന്യമണിത്തൂക്കം) സകാത്ത് ബാധകമാകും. എന്തുകൊണ്ടെന്നാൽ, അവയുടെ വിപണിമൂല്യം വളരെ കൃത്യമായി നിജപ്പെടുത്താൻ കഴിയാത്തവിധം വർഷം തികയുന്നതിന് ഒന്നോ രണ്ടോ മണിക്കൂറുകളുടെ കുറവ് കൊണ്ടുതന്നെ വ്യത്യാസം വരാവുന്നതാണ്. സ്വർണത്തിന്റെ വിലയിൽ ദിവസേനയുണ്ടാകുന്ന ഏറ്റവ്യത്യാസം ഉദാഹരണം. സകാത്തിന് വേണ്ടി വസ്തു നീക്കിവെക്കുമ്പോൾ കണക്കുകൂട്ടിയ വിലയിൽനിന്ന് കൊടുക്കാൻ നേരം വ്യത്യാസം വന്നിട്ടുണ്ടാകാം. എന്നാൽ ഇതിൽനിന്ന് ഭിന്നമായി ധാന്യങ്ങളിലും കാരക്കപോലുള്ള വസ്തുക്കളിലും അളവ് കൃത്യമാകണമെന്ന് നിബന്ധനയുണ്ട്. നിസ്വാബ് കൃത്യമായില്ലെങ്കിൽ സകാത്ത് ബാധകമല്ല.

3. അടിസ്ഥാനാവശ്യങ്ങൾ കഴിഞ്ഞ് മിച്ചമുണ്ടാവുക: ആഹാരം, വസ്ത്രം, പാർപ്പിടം, പണിയായുധങ്ങൾ തുടങ്ങിയ ജീവിതത്തിന്റെ അടിസ്ഥാന ആവശ്യങ്ങൾ കഴിഞ്ഞ് ധനം മിച്ചമുള്ളവനേ സകാത്ത് കൊടുക്കാൻ ബാധ്യതയുള്ളു.

4. പൂർണമായ ഉടമാവകാശം: പൂർണമായ ഉടമാവകാശമുള്ള ധനത്തിനാണ് സകാത്ത് ബാധകമാവുക. മറ്റൊരാൾക്ക് വരുമാനം ലഭിക്കുന്നതിനായി മുടക്കിയ ധനത്തിൽനിന്നുള്ള വരുമാനത്തിന്, ഉടമാവകാശം സ്വന്തംനിലക്ക് പൂർണമായി ലഭ്യമാകുന്നതുവരെ പങ്കുകാരൻ സകാത്ത് നൽകേണ്ടതില്ല. പ്രത്യക്ഷത്തിൽ അയാളുടെ പേരിൽ ധനം സ്വരൂപിക്കപ്പെടുന്നുണ്ടെങ്കിലും ഉടമസ്ഥാവകാശം പൂർണമാകാത്തതിനാലാണത്. ഇടപാട് അവസാനിക്കുന്നത് വരെ ലാഭ-നഷ്ട സാധ്യതകൾ നിലനിൽക്കുന്നുമുണ്ട്. എന്നാൽ ഈ ഘട്ടത്തിലും മുതലുടമ വ്യവസ്ഥപ്രകാരം സകാത്ത് നൽകേണ്ടതാണ്.

5. വളർച്ച(നമാഅ്): സകാത്ത് ബാധകമാകുന്ന ധനം വളർച്ചയുള്ളതാകണമെന്ന് പല പണ്ഡിതന്മാരും ഉപാധി വെച്ചിട്ടുണ്ട്. വളർച്ച രണ്ടു തരത്തിലാകാം. സ്വാഭാവിക വളർച്ചയും വളർച്ചക്ക് സാധ്യതയുള്ള വസ്തുക്കൾ എന്ന നിലയിലും. അതായത്, ഒന്നുകിൽ സകാത്ത് ബാധകമാകുന്ന ധനം സ്വയം വളരുകയും വർധിക്കുകയും ചെയ്യുന്നതാകണം. അല്ലെങ്കിൽ വരുമാനമുണ്ടാക്കിത്തരുന്നതാകണം. സ്വയം വളരുകയെന്നതുകൊണ്ടുദ്ദേശ്യം, കന്നുകാലികൾ പ്രസവിക്കുന്നതിലൂടെയും കച്ചവടത്തിൽ ലാഭം കിട്ടുന്നതുമൂലവുമുള്ള വളർച്ചയാണ്. വളർച്ചക്ക് സാധ്യതയുള്ളവ എന്നതുകൊണ്ടുദ്ദേശിക്കുന്നത്, സ്വർണം, വെള്ളി നാണയങ്ങൾ തുടങ്ങിയ വസ്തുക്കളാണ്. അവ കച്ചവടം ചെയ്യുന്നതിലൂടെ വളർച്ചയുണ്ടാകുമെന്നും അങ്ങനെ സകാത്ത് ബാധകമാകുമെന്നുമാണ് പറയുന്നത്.

സ്വാഭാവിക വളർച്ചക്കോ സാങ്കൽപിക വളർച്ചക്കോ സാധ്യതയില്ലാത്തതിനാൽ കച്ചവടത്തിനും വ്യവസായത്തിനും മറ്റാവശ്യങ്ങൾക്കും വേണ്ടി ഉപയോഗിക്കുന്ന അടിസ്ഥാന ഘടകങ്ങൾക്ക് (കെട്ടിടം, മെഷീനുകൾ തുടങ്ങിയവ) സകാത്ത് ബാധകമല്ല.

6. വർഷം തികയുക: നാണയങ്ങൾ, കന്നുകാലികൾ, കച്ചവടച്ചരക്കുകൾ എന്നിവക്കാണ് ഈ ഉപാധി മുഖ്യമായും ബാധകമാവുന്നത്. നബി(സ) പറഞ്ഞു: "വർഷം പൂർത്തിയാകുന്നത് വരെ ധനത്തിന് സകാത്തില്ല" (തിർമിദി). ഭൂമിയിൽ നിന്ന് ഉൽപാദിപ്പിക്കുന്ന കാർഷിക വിഭവങ്ങളുടെ സകാത്ത് നൽകേണ്ടത് വിളവെടുപ്പ് വേളയിലാണ്. "വിളവെടുപ്പ് നാളിൽ അവയുടെ അവകാശം നൽകുകയും ചെയ്യുക'' (*അൽഅൻആം* 141).

## കുട്ടിയുടെ ധനത്തിന്റെ സകാത്ത്

കുട്ടിയുടെയും ബുദ്ധിസ്ഥിരതയില്ലാത്തവന്റെയും ഉടമസ്ഥതയിൽ നിസ്വാബ് തികഞ്ഞ ധനമുണ്ടെങ്കിൽ അതിന് സകാത്ത് നൽകേണ്ടതാണ്. അവരുടെ കൈകാര്യ കർത്താവിനാണ് അതിന്റെ ബാധ്യത. അനാഥകളുടെ സമ്പത്തിനെ സംബന്ധിച്ച് നബി(സ)യിൽനിന്ന് ഉദ്ധരിക്കപ്പെട്ട ഒരു ഹദീസാണിതിന് ആധാരം. "സ്വത്തുള്ള ഒരു യതീമിന്റെ രക്ഷാകർതൃത്വം ആരെങ്കിലും ഏറ്റെടുക്കുകയാണെങ്കിൽ അവനുവേണ്ടി അയാൾ കച്ചവടം ചെയ്തു കൊള്ളട്ടെ. ആ ധനത്തെ സ്വദഖ(സകാത്ത്) തിന്നു നശിപ്പിക്കാൻ വേണ്ടി വെറുതെയിടാതിരിക്കട്ടെ" (തിർമിദി).

ഈ വിഷയത്തിൽ പണ്ഡിതന്മാർക്ക് ഭിന്നാഭിപ്രായമുള്ളതായി തിർമിദി തുടർന്നു പറയുന്നു. ഉമർ, അലി, ആഇശ, ഇബ്നു ഉമർ, ഇമാം മാലിക്, ശാഫിഈ, അഹ്മദ്, ഇസ്ഹാഖ് തുടങ്ങിയവർ സകാത്ത് ബാധകമാണെന്ന് അഭിപ്രായപ്പെട്ടവരാണ്.

## സകാത്ത് നൽകാതെ മരിച്ചാൽ

സകാത്ത് ബാധകമായ വ്യക്തി മരണപ്പെട്ടാലും ബാധ്യതയിൽനിന്ന് ഒഴിവാ

കുകയില്ല. അയാൾ വിട്ടേച്ചുപോയ സ്വത്തിൽനിന്ന് അത് കൊടത്തുവീട്ടൽ നിർബന്ധമാണ്. കടം, വസ്വിയ്യത്ത്, അനന്തരാവകാശം എന്നിവയേക്കാൾ സകാത്തിന് മുൻഗണന നൽകുകയും വേണം. സകാത്ത് അല്ലാഹുവിന്റെ കടമാണ്. ഇബ്നു അബ്ബാസ്(റ) പറയുന്നു: "ഒരാൾ നബി(സ)യുടെ അടുത്ത് വന്ന് ചോദിച്ചു: 'എന്റെ മാതാവ് മരിച്ചിരിക്കുന്നു. അവർക്ക് ഒരു മാസത്തെ നോമ്പ് കടമുണ്ട്. ഞാനത് നോറ്റ് വീട്ടട്ടെയോ?' നബി ചോദിച്ചു: 'നിന്റെ മാതാവിന് കടമുണ്ടെങ്കിൽ നീയത് കൊടുത്തുവീട്ടുമായിരുന്നോ?' 'അതെ, കൊടുത്തുവീട്ടും' എന്ന് അയാൾ മറുപടി പറഞ്ഞു. അപ്പോൾ നബി പറഞ്ഞു: 'എങ്കിൽ അല്ലാഹുവിന്റെ കടമാണ് കൊടുത്തുവീട്ടാൻ ഏറ്റവും അർഹമായിട്ടുള്ളത്" (ബുഖാരി, മുസ്ലിം).

## നിയ്യത്ത്

സകാത്ത് ഒരു ഇബാദത്താണ്. മറ്റെല്ലാ ഇബാദത്തുകൾക്കുമെന്നപോലെ സകാത്തിന്റെ സ്വീകാര്യതക്കും നിയ്യത്ത് നിബന്ധനയാണ്. ദാനം നിർവഹിക്കുന്ന ഘട്ടത്തിൽതന്നെ, സകാത്തായി നൽകുന്നു എന്ന് മനസ്സിൽ കരുതണമെന്നാണ് ഇമാം മാലിക്കും ശാഫിഈയും അഭിപ്രായപ്പെടുന്നത്. ഇമാം അബൂഹനീഫയുടെ വീക്ഷണത്തിൽ സകാത്ത് നൽകുന്ന അവസരത്തിലോ സകാത്തായി കൊടുക്കേണ്ട തുക തന്റെ ധനത്തിൽനിന്ന് മാറ്റിവെക്കുന്ന അവസരത്തിലോ നിയ്യത്ത് ഉണ്ടാവണമെന്നേയുള്ളൂ. ഇമാം അഹ്മദിന്റെ അഭിപ്രായത്തിൽ നിയ്യത്ത് സകാത്ത് കൊടുക്കുന്നതിന് അൽപസമയം മുമ്പായാലും സാധുവാണ്. ഇപ്രകാരം സകാത്ത് സ്വീകാര്യമായ ഇബാദത്തായിത്തീരുന്നതിന് നിയ്യത്ത് ഒരു ഉപാധിയായി എല്ലാ ഇമാമുമാരും എടുത്ത് പറഞ്ഞിട്ടുണ്ട്.

## മുൻകൂട്ടി നൽകലും പിന്തിക്കലും

സകാത്ത് ബാധകമായിക്കഴിഞ്ഞാൽ എത്രയും പെട്ടെന്ന് അത് കൊടുത്തു വീട്ടണം. നിശ്ചിത സമയത്തിനുള്ളിൽ അത് കൊടുക്കാതിരിക്കുന്നത് നിഷിദ്ധവുമാണ്. സകാത്ത് കൊടുത്തു വീട്ടുന്നതിന് വല്ല അസൗകര്യവും നേരിട്ടാൽ അത് നീങ്ങുന്നത് വരെ ദാനം വൈകിക്കുന്നതിന് വിരോധമില്ല.

അനിവാര്യമായ ഘട്ടങ്ങളിൽ വർഷം തികയുന്നതിനു മുമ്പ് തന്നെ സകാത്ത് നൽകാവുന്നതാണ്. ഒന്നോ രണ്ടോ വർഷത്തെ സകാത്ത് ഇപ്രകാരം മുൻകൂട്ടി നൽകുന്നതിനും വിരോധമില്ല.

"ഏതൊരു ധനത്തോട് സകാത്ത് കലർന്നിട്ടുണ്ടോ ആ ധനത്തെ അതൊരിക്കലും നശിപ്പിക്കാതിരുന്നിട്ടില്ല" എന്ന് നബി പ്രസ്താവിച്ചതായി ആഇശ(റ) നിവേദനം ചെയ്യുന്നു(ശാഫിഈ, ബുഖാരി).

ഇത് ഉദ്ധരിച്ച ഹുമൈദിയുടെ റിപ്പോർട്ടിൽ ഇത്ര കൂടിയുണ്ട്: "നിന്റെ ധനത്തിൽ സകാത്ത് ബാധകമായിരിക്കും. പക്ഷേ, നീ അത് കൊടുത്തിരിക്കുകയില്ല. അങ്ങനെ ഹറാം ഹലാലിനെ കൂടി നശിപ്പിച്ചു കളയും." ■

(തുടരും)